പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **6040**

04.11.2016-ൽ മറുപടിക്ക്

## ഭവന നിർമ്മാണ വകുപ്പ് ലഭ്യമാക്കുന്ന ധനസഹായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ടി. എ. റഹീം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവന നിർമ്മാണ വകുപ്പ് ലഭ്യമാക്കുന്ന ധനസഹായ പദ്ധതികൾ വിശദമാക്കാമോ; | (എ) സമൂഹത്തിലെ ഭൂ-രഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗങ്ങൾക്ക് സർക്കാർ സബ്സിഡി യോടുകൂടി ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന സാഫല്യം ഭവന പദ്ധതി, സ്വന്തമായി ഭൂമിയുള്ള ദുർബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽ-പ്പെട്ടവർക്ക് വീടു വയ്ക്കുന്നതിന് സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതി എന്നീ ധന സഹായ പദ്ധതികൾ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്നു. ടി പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>സാഫല്യം ഭവനപദ്ധതി:</u>**<br><br>ദുർബലവിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടു കൂടിയും പഞ്ചായത്തുകളുടേയും സന്നദ്ധ സംഘടന/കാരുണ്യവാൻമാരായ വ്യക്തികളുടേയും സഹകരണത്തോടെയും ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സർക്കാർ സബ്സിഡി തുക ബഡ്ജറ്റിലൂടെ ലഭ്യമാക്കുന്നുണ്ട്. സാഫല്യം പദ്ധതിയുടെ അംഗീകരിച്ച സാമ്പത്തികഘടന പ്രകാരം 327 ച.അടി (സർവ്വീസടക്കം) വിസ്തീർണ്ണം വരുന്ന ഫ്ളാറ്റിന്റെ 3.50 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 2 ലക്ഷം രൂപ |

സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും 25,000 രൂപ സന്നദ്ധ സംഘടന/സ്പോൺസർ വിഹിതവും 25,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഹഡ്കോ വായ്പ തുകയ്ക്ക് സമാനമായ ഒരുലക്ഷം രൂപ പഞ്ചായത്ത് വിഹിതമായി ലഭ്യമാക്കുന്ന പഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്.

**ഗൃഹശ്രീ ഭവന പദ്ധതി**

സ്വന്തമായി 2 സെന്റ്/ 3 സെന്റ് ഭൂമിയുള്ള / റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/NGO/ കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 66 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. ടി പദ്ധതി പ്രകാരം സ്പോൺസറുടെ വിഹിതം ഒരു ലക്ഷം രൂപയും, ഗുണഭോക്താവിന്റെ വിഹിതം കുറഞ്ഞത് ഒരു ലക്ഷം രൂപയും, സർക്കാർ സബ്സിഡി തുക 2 ലക്ഷം രൂപയുമാണ്. ഇതിനായി ഗുണഭോക്താവിനെ സ്പോൺസർ ചെയ്യുന്ന സംഘടന/NGO/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരാണ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്. സർക്കാർ സബ്സിഡി തുക 2013-14 വർഷം മുതൽ ബഡ്ജറ്റിലൂടെ ലഭ്യമാക്കുന്നുണ്ട്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നിലവിലുണ്ടോ;

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് മാത്രം സർക്കാർ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് നടപ്പിലാക്കുന്ന ധനസഹായ പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. ഗൃഹശ്രീ ഭവന പദ്ധതിയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും വീട് വയ്ക്കുന്നതിനായി സർക്കാർ ധനസഹായം നൽകുന്നു.

(സി) ഹൗസിംഗ് ബോർഡ് മുഖേന സബ്സിഡിയുള്ള ലോണുകൾ നൽകിവരുന്നുണ്ടോ; വിശദമാക്കാമോ?

(സി) ഹൗസിംഗ് ബോർഡ് മുഖേന 2 ലക്ഷം രൂപ സർക്കാർ സബ്സിഡി അനുവദിക്കുന്ന ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ.